

Wish You all A Happy Easter

# ദുഃഖ വെള്ളിയാഴ്ച

ജോയിക്കുട്ടി, ടിഡ്രോയിറ്റ്

ദുഃഖ വെള്ളിയാഴ്ച, വലിയ വെള്ളിയാഴ്ച, മഹാ വെള്ളിയാഴ്ച, Good Friday ഇങ്ങിനെ പല പേരുകളിലറിയപ്പെടുന്ന ആ നല്ല ദിവസത്തിന്റെ പ്രാധാന്യം നമ്മൾക്കെല്ലാമറിയാം. യേശു ക്രൂശാരോഹണം ചെയ്ത ആ വലിയ ദിവസം. ലോകമങ്ങും ഉള്ള മിക്കവാറും എല്ലാ ക്രിസ്ത്യാനികളും ആചരിക്കുന്ന ഒരു പുണ്യ ദിനമാണ്. ഒരു വർഷം മുഴുവനും പള്ളിയിൽ പോകാത്ത ഒരു വ്യക്തി പോലും അന്ന് പള്ളിയിൽ പോകും. അന്നത്തെ ആൾക്കൂട്ടത്തെ കാണാനല്ല; ആ അനുസ്മരണീയ ദിനം ആചരിക്കാനാണ്. ഏതൊരു നല്ല ക്രിസ്ത്യാനിക്കും അതൊരു പുണ്യ ദിനമാണ്. യേശു ഒരുവൻ മാത്രമേ സ്വയം പറഞ്ഞതെല്ലാം സ്വയം ചെയ്ത് കാണിച്ചിട്ടുള്ളു. ഒരു നല്ല സുഹൃത്ത് മറ്റുള്ളവർക്ക് വേണ്ടി സ്വയം ബലിയായി തീരുമെന്ന് പറഞ്ഞത് അക്ഷരാർത്ഥത്തിൽ പ്രവർത്തി പഥത്തിൽ കാണിച്ചു കൊടുത്ത ഏകവ്യക്തിയാണ്.

യേശു ദൈവമാണെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതെന്തുകൊണ്ടാണ്? ബേത്‌ലഹേമിൽ ജനിച്ചതുകൊണ്ടോ, കന്യകയുടെ വൃതമുദ്രയ്ക്കു ഭംഗം വരാതെ ജനിച്ചതു കൊണ്ടോ, രോഗികളെ സൗഖ്യമാക്കിയതുകൊണ്ടോ, മരിച്ചവരെ ജീവിപ്പിച്ചതുകൊണ്ടോ, മരിച്ച് ദിവസങ്ങളോളം കല്ലറയിൽ അടക്കം ചെയ്തിരുന്ന ലാസറിനെ ജീവിപ്പിച്ചതുകൊണ്ടോ, താൻ സ്വയം ക്രൂശാരോഹോണം ചെയ്തതുകൊണ്ടോ, അടക്കം ചെയ്ത് മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റതു കൊണ്ടോ, പലരുടേയും സാനിദ്ധ്യത്തിൽ സ്വർഗ്ഗാരോഹണം ചെയ്തതുകൊണ്ടോ അല്ല; യേശു ജനിക്കുന്നതിന് വളരെ വളരെ വർഷങ്ങൾക്കു മുമ്പേ പ്രവാചകന്മാരും ദീർഘദർശിമാരും പ്രവചിച്ചിരുന്ന ദൈവം ഭൂമിയിൽ വരുമെന്നും വരുമ്പോൾ എന്തെല്ലാം സംഭവിക്കുമെന്നും അതു മുഴുവൻ അതുപോലെ പൂർത്തീകരിക്കപ്പെട്ട ഏക വ്യക്തിയാണ്. ഈ ഭൂമിയുടെ അങ്ങേ അറ്റം മുതൽ ഇങ്ങേ അറ്റം വെരെ ഇന്ന് വളരെയധികം മതങ്ങൾ ഉണ്ടെങ്കിലും അവക്കെല്ലാം അവരുടേതായ, അവർ വിശ്വസിക്കുന്ന ദൈവങ്ങൾ ഉണ്ടെങ്കിലും ഇതുപോലെ മുൻകൂട്ടി പ്രവചനഫലമായി ഒരു ദൈവം മാത്രമേ ഉള്ളു.

യേശുവിനെ ക്രിസ്തു എന്ന് വിശ്വസിക്കുകയും വായികൊണ്ട് ഏറ്റു പറയുകയും ചെയ്താൽ രക്ഷിക്കപ്പെടും എന്ന് പൗലോസ് ശ്ലീഹാ ലേഖനത്തിൽ പറയുന്നത് ശ്രദ്ധിക്കുമല്ലോ. സാധാരണക്കാരനിൽ വെറും സാധാരണക്കാരനായി ജീവിച്ച അദ്ദേഹം ഒരു നല്ല ക്രിസ്ത്യാനി എങ്ങിനെ ജീവിക്കണമെന്ന് കാണിച്ചു തന്നു ക്രിസ്തുവിനെ അനുഗമിക്കുന്നവരെ ആണല്ലോ ക്രിസ്ത്യാനികൾ എന്ന് വിളിക്കേണ്ടത്!

ഈ ദിവസത്തിൽ നമ്മൾ ചിന്തിക്കേണ്ട ഒരു വിഷയം നമ്മുടെയെല്ലാം ജീവിതത്തിൽ ഒരു ദിവസം ഒരു ദുഃഖ വെള്ളിയാഴ്ച തീർച്ചയായും ഉണ്ടാകും. അതിനെ ഓർത്ത് ഭയപ്പെട്ട് ഓടി ഒളിക്കാതെ നമ്മൾ എങ്ങിനെയാണ് അതിനെ അഭിമുഖീകരിച്ച് വിജയം കൈവരിക്കേണ്ടത് എന്ന് നമ്മൾക്ക് കാണിച്ചു തന്നിട്ടുണ്ട്.

തന്റെ ജീവതത്തിൽ നടക്കാൻ പോകുന്നതെല്ലാം മുന്നമേ അറിഞ്ഞിട്ട് അതിന് വേണ്ട ഒരുക്കങ്ങൾ എപ്പോഴും ചെയ്ത് ഒരു ജീവിതം വിജയമാക്കി കാണിച്ചു തന്നു. ഒരിക്കലും ദൈവം ദൈവത്തോട് പ്രാർത്ഥിക്കത്തില്ലല്ലോ; അടുത്ത നിമിഷം മുതൽ നമ്മൾ അഭിമുഖീകരിക്കാൻ പോകുന്ന അതി കഠിനമായ നിമിഷങ്ങളെ നേരിടാൻ നമ്മളോരോരുത്തരും വേണ്ട ഒരുക്കങ്ങൾ എങ്ങിനെയാണ് ചെയ്യേണ്ടതെന്ന് കാണിച്ചു തരികയായിരുന്നു. ദൈവം ഒരിക്കലും മരിക്കത്തില്ല; പക്ഷേ നമ്മൾക്ക് കാണിച്ചു തന്നു മരണത്തേക്കാൾ ഭീകരമായ നിമിഷങ്ങൾ ഭൂമിയിൽ മനുഷ്യനുണ്ടായാലും അതുകണ്ട് ഭീതിപ്പെട്ട് പിന്തിരിഞ്ഞ് ഓടിപോകാതെ പ്രാർത്ഥനയോടെ അതിനെ നേരിട്ട് വിജയം കൈവരിക്കണമെന്ന്. മർത്യനായി ഭൂമിയിൽ വന്ന് മരണം ആസ്വദിക്കാത്തവരായി ആരും കാണത്തില്ല. എന്നാൽ മരണം മർത്യന് അന്ത്യമല്ല; തുടക്കമാണ്.

മരണം എന്ന വാതിൽ കടന്ന് പോകുന്ന ഏവരും പിന്നെ പശ്ചാത്തപിക്കാൻ ഇടവരരുത്. മരണം ആസ്വദിക്കുന്ന ഏവനും സ്വർഗ്ഗം കാണാൻ തീർച്ചയായും സാധിക്കും; എന്നാൽ അവിടെ പ്രവേശിക്കുവാൻ സാധിക്കാതെ വരുമ്പോൾ പ്രലപിക്കരുത്. ഭൂമിയിൽ ഇത്രയും കാലം ഉണ്ടായിരുന്നിട്ടും, ദൈവം വന്ന് കാണിച്ചു തന്നിട്ടും അവിടെ ഒരിഞ്ച് സ്വന്തമാക്കാൻ സാധിച്ചില്ലല്ലോയെന്നോർത്ത് ദുഃഖിക്കാതിരിക്കേണ്ടതാണ്.

വിശുദ്ധ വേദപുസ്തകത്തിന് രണ്ട് ഭാഗങ്ങളുണ്ട്. പഴയ നിയമവും പുതിയ നിയമവും ഇതു രണ്ടും കൂടെ കൂട്ടിചേർത്തതാണ് വിശുദ്ധ വേദപുസ്തകം. മേലുദ്ധരിച്ച പ്രവാചകന്മാരുടേയും ദീർഘദർശിമാരുടേയും ചരിതങ്ങളും, ക്രിസ്തുവിനു മുമ്പ് നടന്നിട്ടുള്ള കാര്യങ്ങളും സത്യമായിട്ട് ചേർക്കപ്പെട്ടിട്ടുള്ളതാണ് പഴയ നിയമം. ഈ പുസ്തകങ്ങൾ എല്ലാംതന്നെ യെഹൂദന്മാരുടേയും ഇസ്ലാമിന്റേം പുസ്തകങ്ങളാണ്. നമ്മുടെ ദൈനദിന വായനകളിൽ അവ ഉൾപ്പെടുത്തിയതിന് ഉദ്ദേശമുണ്ട്. ഓരോ ദിവസത്തേയും പ്രാധാന്യത്തെ ബന്ധപ്പെടുത്തിയുള്ള വായനകളായ് വേണം നാം അത് വായിച്ച് മനസ്സിലാക്കേണ്ടത്. പുതിയ നിയമത്തിലെ ഓരോ ഭാഗങ്ങളേയും അനുസ്മരിച്ചുകൊണ്ടുള്ള പഴയ നിയമ ഭാഗങ്ങൾ വായിക്കാനായി നമ്മുടെ പിതാക്കന്മാർ നമുക്കായി വേദവായനപടികൾ തയ്യാറാക്കി തന്നിട്ടുണ്ട്.

ഇന്ന് ഗവേഷകന്മാർ ഇതിനോടകം കണ്ടു പിടിച്ചു കഴിഞ്ഞു ഏ.ഡി. 33 ഏപ്രിൽ മൂന്നാംതീയതി വെള്ളിയാഴ്ചയാണ് യേശു ക്രൂശാരോഹണം ചെയ്തതെന്ന്. കൂടാതെ സത്യവേദപുസ്തകത്തിൽ എഴുതിചേർത്തിട്ടുള്ളതെല്ലാം സത്യമാണെന്ന്. അതുകൊണ്ടാണ് ആ പുസ്തകത്തെ സത്യ വേദപുസ്തകം എന്ന് നമ്മൾ മനസ്സിലാക്കി അത് വിശ്വസിക്കുന്നതും.

എല്ലാം നന്മക്കായിട്ടു മാത്രമാണ് നടക്കുന്നതെന്ന് ഈ വിശുദ്ധ പുസ്തകം വായിച്ച് നമ്മൾ പഠിക്കുമ്പോൾ മനസ്സിലാക്കാവുന്നതാണ്. പഴയ നിയമത്തിലെ ജോസഫിന്റെ കാര്യങ്ങൾ വായിക്കുമ്പോൾ നമ്മൾക്ക് കൂടുതൽ മനസ്സിലാക്കാൻ സാധിക്കും. ഫറവോൻ കഴിഞ്ഞാൽ ആ രാജ്യത്തിലെ ഏറ്റവും വലിയ പരമാധികാരിയായ ജോസഫ് ആകണമെങ്കിൽ അവൻ പൊട്ടകിണറ്റിൽ കിടന്ന്, വ്യാപാരികൾക്ക് വിറ്റ് അങ്ങിനെ എന്തെല്ലാം കടമ്പകൾ തരണം ചെയ്യേണ്ടിയിരിരുന്നു. ഒരു നല്ല തട്ടാന്റെ കയ്യിൽ സ്വർണ്ണം കിട്ടിയാൽ അവൻ അത് അഗ്നിയിൽ ഇട്ടതിനുശേഷം മുറിച്ച് രാകി ചേർത്ത് വെച്ച് മിനുക്കി നല്ല ആഭരണമാക്കുമല്ലോ. ദൈവം എന്ന തട്ടാന്റെ കയ്യിൽ നമ്മളാകുന്ന സ്വർണ്ണകട്ടകൾ കിട്ടിയാലും ഇതെല്ലാംതന്നെയാണ് സംഭവിക്കുന്നത്. നല്ല ഒരാഭരണം നല്ല ഒരു തട്ടാൻ കണ്ടാൽ അവൻ അത് വീണ്ടും മിനുക്കുമ്പോൾ അവയ്ക്ക് നാവും അധരവും ശബ്ദവുമുണ്ടായിരുന്നെങ്കിൽ അവ പിന്നെയും പ്രലപിക്കും "ഇനിയും എന്തിന് എന്നെ വേദനിപ്പിന്നു" അത് തിളങ്ങുന്ന നല്ല ഒരാഭരണമായി കാണാൻ തട്ടാന് ആഗ്രഹമുണ്ട്. കൊല്ലാനാണേലും വളർത്താനാണേലും കോഴിയെ പിടിക്കുമ്പോൾ അവ പിടപിടയ്ക്കും. നമ്മളെ സ്നേഹിക്കുന്ന നമ്മുടെ ദൈവം എപ്പോഴും നമ്മുടെ നന്മയ്ക്കായിട്ടു മാത്രമേ എന്തും ചെയ്യൂ.